15
ജൂൺ 2023
വ്യാഴം Pages 5
Vol 2. Issue. 133

ക്രിസ്ത്യൻലൈവ് ദിനപത്രം
on the battlefield for the Great commission
CNL7 MEDIA
502



# കർണാടകയിൽ മതപരിവർത്തന നിരോധന നിയമം റദ്ദാക്കി

"എല്ലാ സ്കൂളുകളിലും കോളജുകളിലും ഭരണഘടനയുടെ ആമുഖം വായിക്കുന്നതു നിർബന്ധമാക്കി"

വാർത്ത തുടർന്ന് വായിക്കുവാൻ പേജ് 03 കാണുക



# ഉത്തര കൊറിയയിൽ ബൈബിൾ എത്തിക്കും

- രാജ്യത്ത് ബൈബിൾ കൈവശം വയ്ക്കുന്നത് കുറ്റകരം
- പതിനായിര കണക്കിന് ക്രിസ്ത്യാനികൾ ലേബർ ക്യാമ്പുകളിൽ പീഡനത്തിന് ഇരയാകുന്നു
- ആഹാരവും ബൈബിളും എത്തിക്കുന്നസാഹസിക ദൗത്യം ഏറ്റെടുത്തിരിക്കുന്നത് അന്താരാഷ്ട്ര ബൈബിൾ വിതരണ സംഘടനയായ വേൾഡ് ഹെൽപ്

പേജ് 04

*Editorial*

ക്രിസ്ത്യൻ ലൈവ് ദിനപത്രം

2023 വ്യാഴം 15 ബുധൻ




# അഭിമാനമോ ലജ്ജയോ?

**അ**ഭിമാനം എന്ന വാക്കു കേൾക്കുമ്പോൾ എന്താണ് മനസ്സിലേയ്ക്ക് ഓടി വരുന്നത്? അഭിമാനമെന്ന വാക്ക് ഒരു നല്ല വാക്കാണ്. സ്വന്തം ജോലിയിൽ അഭിമാനം കൊള്ളുന്നവർ, ഒരു പ്രേത്യേകം നല്ല സ്വഭാവത്തിൽ അഭിമാനം കൊള്ളുന്നവർ, മക്കളിലോ ഒരു നേട്ടത്തിലോ ഒക്കെ അഭിമാനം കൊള്ളുന്നവർ ഒക്കെയാണ് നമ്മൾ. അഭിമാനമില്ലാതെ ആർക്കും ജീവിക്കുവാൻ സാധ്യമല്ല. ഷേക്സ്പിയറിന്റെ മാക്ബത്തിന്റെ അഭിമാനവും, നെപ്പോളിയന്റെ അഭിമാനവും ഒക്കെ വീഴ്ചകളിലേയ്ക്ക് നയിച്ച ദുരഭിമാനങ്ങളായി നാം കണക്കാക്കുന്നു. സ്വന്തം കഴിവിൽ ദുരഭിമാനവും അഹങ്കാരവും ഉള്ള അനേകർ വീണ ചരിത്രം നമുക്കറിയാം. ദൈവത്തിനെതിരെ ലൂസിഫർ അഹങ്കരിച്ചതിനാലാണ് തന്റെ വീഴ്ച സംഭവിച്ചത്. അങ്ങനെ അഭിമാനത്തിന് ചരിത്രത്തിൽ പല വ്യാഖ്യാനങ്ങൾ ഉണ്ട്. ഒരു മനുഷ്യനെ താഴ്ത്തുവാനും വളർത്തുവാനും അഭിമാനത്തിന് സാധിക്കും. സംസ്ക്കാരത്തിൽ അഭിമാനം എന്ന വാക്ക് രാജാക്കന്മാർക്കും മറ്റു നേതാക്കന്മാർക്കും ഉണ്ടാകേണ്ട ഒരു സ്വഭാവമായി കണക്കാക്കുന്നു എങ്കിലും ബൈബിളിൽ പ്രൈഡ് എന്ന പദം പാപവുമായി ചേർന്ന് നിൽക്കുന്ന ഒരു പദമാണ്.

നമ്മുടെ കാലഘട്ടത്തിൽ, അഭിമാനം അഥവാ പ്രൈഡ് എന്ന് പറയുമ്പോൾ അതിനു പുതുതായൊരു അർത്ഥം കൈവന്നിരിക്കുകയാണ്.
ഇന്ന് നമ്മുടെ രാജ്യത്ത്, പ്രത്യേകിച്ച് വിദേശ രാജ്യങ്ങളിൽ പ്രൈഡ് എന്നാൽ സ്വവർഗ അനുരാഗങ്ങൾക്കുള്ള ഒരു പര്യായ പദമാണ്. ജൂൺ മാസം പ്രൈഡ് മാസമാണ്. ജോലി സ്ഥലത്തും, ഓഫീസുകളിലും, പൊതു സ്ഥലത്തും എല്ലാം സ്വവർഗാനുരാഗത്തെ ആഘോഷിക്കുവാൻ ആഹ്വാനങ്ങൾ നടക്കുന്നു. എല്ലാ നിറങ്ങളെയും ഉൾക്കൊള്ളുന്ന മഴവിൽ പതാകകൾ പൊതു സ്ഥലങ്ങളിൽ കാണാം. പ്രൈഡ് ആഘോഷിക്കുവാൻ ഓഫീസുകളും പൊതു സ്ഥലങ്ങളും ഒരുങ്ങിക്കഴിഞ്ഞു.

എന്നാൽ ബൈബിൾ എതിർക്കുന്ന ഒരു പദമാണ് അഭിമാനം. അഭിമാനമാണ് അഹങ്കാരമാകുന്നത്. ബൈബിൾ താഴ്മയുടെ പുസ്തകമാണ്. 'അഹങ്കാരം വരുമ്പോൾ ലജ്ജയും വരുന്നു; താഴ്മയുള്ളവരുടെ പക്കലോ ജ്ഞാനമുണ്ടു.'(സദൃ: 11:2). 'മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തിക്കളയും; മനോവിനയമുള്ളവനോ മാനം പ്രാപിക്കും.' (സദൃ: 29 :23)
ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കാതെ ദാസരൂപമെടുത്ത യേശുവാണ് നമ്മുടെ മാതൃക. ദൈവത്തിൽ നിന്നും മാറി ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ, ദൈവം വെറുക്കുന്ന പാപത്തെ വിശേഷിപ്പിക്കുവാൻ, ദൈവം ഏറ്റവും വെറുക്കുന്ന പദമായ പ്രൈഡിനെ തന്നെ തിരഞ്ഞെടുത്തത് മനുഷ്യന്റെ പരാജയത്തെ കാണിക്കുന്നു.



ഏതെല്ലാം മനുഷ്യർ ആഘോഷിച്ചാലും, എല്ലാ ഗവൺമെന്റുകളും അംഗീകാരം നൽകിയാലും പ്രൈഡും, സ്വവർഗാനുരാഗവും ദൈവവചനം അംഗീകരിക്കുന്ന കാര്യങ്ങളല്ല. സി. എസ്. ലൂവിസ് ഇങ്ങനെയാണ് പറഞ്ഞത്: 'അഹങ്കാരം ആത്മീയ ക്യാൻസർ ആണ്. സ്നേഹത്തെയും തൃപ്തിയെയും തിന്നുകളയുന്ന പാപമാണ് അഹങ്കാരം.'

**ബ്ലസ്സൻ ചെറിയാൻ, കാനഡ**

# പ്രാർത്ഥനാസംഗമം ഒരുക്കുന്ന മുഴുരാത്രി പ്രാർത്ഥന നാളെ

കൊച്ചുമോൻ ആന്താര്യത്ത്, ഷാർജ


ഷാർജ : പ്രാർത്ഥനാസംഗമം (International Prayer Fellowship ) ഒരുക്കുന്ന മുഴുരാത്രി പ്രാർത്ഥന നാളെ (ജൂൺ 16)രാത്രി 8 :30മണി മുതൽ 6 മണി രാവിലെ വരെ (യു. എ. ഇ സമയം ) രാത്രി 10 മണി മുതൽ രാവിലെ 7:30 വരെ (ഇന്ത്യൻ സമയം)നടക്കും. രാജ്യങ്ങൾക്ക് വേണ്ടിയും ( Pray for Nations ) മറ്റുള്ളവരെ വിഷയങ്ങൾക്ക് വേണ്ടിയും ഉള്ള പ്രാർത്ഥനകൾക്ക് പാസ്റ്റർ കെ. പി. ജോസ് വേങ്ങൂർ നേതൃത്വം നൽകും. Zoom മീറ്റിംഗ് ID 332 242 5551 Paascode: 2020

# വേഗതയുടെ ട്രാക്കിൽ ദുബായിൽ മലയാളി പെന്തക്കോസ്ത് വിശ്വാസിയും




ദുബായ് : വിവിധ എമിറേറ്റുകളുടെയും ക്ലബ്ബ്കളുടെയും ഓട്ട മത്സരങ്ങളിലെ സ്ഥിര സാന്നിധ്യവും ജേതാവുമായ ബിജു യോഹന്നാൻ ഇതിനോടകം 11 മെഡലുകൾ സ്വന്തമാക്കി. 2020ലെ യു.എ.ഇ ദേശീയ ദിനാചരണത്തോടനുബന്ധിച്ചു നടന്ന ഓട്ട മത്സരത്തിലും മെഡൽ ജേതാവായിരുന്നു. പുനലൂർ സ്വദേശിയായ ബിജു സകുടുംബം ഷാർജയിൽ പാർക്കുന്നു. സുലേഖ ഹോസ്പിറ്റൽ ജീവനക്കാരനായ ബിജു യോഹന്നാൻ ചർച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ശാലോം ഷാർജ സഭാംഗമാണ്.

# ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ് കരസ്ഥമാക്കി ജേഡൻ വി. റെനിമോൻ



10 മുതൽ 1 വരെ വിപരീത ക്രമത്തിൽ ഗുണനപ്പട്ടിക പറഞ്ഞ ഏറ്റവും പ്രായം കുറഞ്ഞ കുട്ടി എന്ന ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സ് ന്റെ അവാർഡ് ജയ്ഡൻമോന് ലഭിച്ചു. നിലവിലെ മൂന്ന് മിനിറ്റ് 51 സെക്കൻഡ് സമയം വെറും 2 മിനിറ്റ്, 5 സെക്കൻഡ്, 8 മില്ലിസെക്കൻഡ് കൊണ്ട് മറികടന്നാണ് ജേഡൻ ( നാലര വയസ്സ് ) ഈ നേട്ടം കൈവരിച്ചത്. രണ്ടര വയസ്സിൽ ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡിന്റെ 'അപ്രിസിയേഷനും' ഇൻറർനാഷണൽ ബുക്ക് ഓഫ് റെക്കോർഡിന്റെ 'സൂപ്പർ ടാലന്റഡ് കിഡ്' ടൈറ്റിലും ജേഡൻ കരസ്ഥമാക്കിയിട്ടുണ്ട്. ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ പള്ളം Bethsaida Church സഭാംഗങ്ങളായ ഇവാഞ്ചലിസ്റ്റ് റെനിമോൻ വി.ടി യുടെയും നിഷാ റെനിമോന്റെയും ഏക മകനാണ്. ജേഡൻമോന് ക്രിസ്ത്യൻ ലൈവ് മീഡിയയുടെ അഭിനന്ദനങ്ങൾ.

# കുവൈറ്റിൽ മലയാളി ഹൃദയഘാതത്തെ തുടർന്ന് മരണമടഞ്ഞു



കുവൈറ്റ് സിറ്റി : ഇരിങ്ങാലക്കുട സ്വദേശി മേലേപ്പുറം നോബിൾ ഡേവിസ് (40 വയസ്സ്) ഹൃദയഘാതത്തെ തുടർന്ന് ജൂൺ 15 വ്യാഴാഴ്ച്ച മരണമടഞ്ഞു.ഭാര്യ : പ്രിയ നോബിൾ. മകൻ : ജോഹാൻ.മൃതദേഹം നാട്ടിൽ കൊണ്ടു പോകുവാനുള്ള നടപടികൾ ചെയ്ത് വരുന്നു.

ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5) only son, works as a Chemical Engineer (Schlumberger) Marriage proposals are also invited from parents of spiritual and God fearing girls. Preference will be given to those in the Medical field. Phone 97455327348. (WhatsApp) Email: jaj3292000@yahoo.co.in

Remarriage

Remarriage,Born Again Syrian Christian Boy,31 yr/172 cm,BE.Mech, Pathanamthitta"9946847617

വധുവിനെ ആവശ്യമുണ്ട്

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Hight-179 (B. A Sociology, BTH, Dip. Mission., BA. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343**

Editorial board

***Chief Editor:***
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout & Design:Shaji Vazhoor.9656571354

# കർണാടകയിൽ മതപരിവർത്തന നിരോധന നിയമം റദ്ദാക്കി



ബെംഗളൂരു: കർണാടകയിൽ ബിജെപി സർക്കാർ നടപ്പാക്കിയ വിവാദ നിർബന്ധിത മതപരിവർത്തന നിരോധന നിയമം കോൺഗ്രസ് സർക്കാർ റദ്ദാക്കി. മന്ത്രിസഭാ യോഗത്തിലാണു നിയമം റദ്ദാക്കാൻ തീരുമാനിച്ചത്. നിർബന്ധിച്ചു മതംമാറ്റിക്കുന്നവർക്ക് 3 മുതൽ 10 വർഷം വരെ തടവും ലക്ഷം രൂപ വരെ പിഴയും വ്യവസ്ഥ ചെയ്യുന്ന നിയമമാണിത്. ബിജെപി സർക്കാർ 2022 മേയ് 17 മുതൽ പ്രാബല്യത്തോടെ ഒക്ടോബറിലാണ് ഔദ്യോഗിക വിജ്ഞാപനം പുറത്തിറക്കിയത്. ഗവർണർ താവർചന്ദ് ഗെലോട്ട് ഒപ്പിട്ടതിനെ തുടർന്നാണു നടപടി.

2021 ഡിസംബറിൽ ബിൽ നിയമസഭ പാസാക്കിയെങ്കിലും നിയമനിർമാണ കൗൺസിലിന്റെ അംഗീകാരം നേടാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് ഓർഡിനൻസ് ഇറക്കിയിരുന്നു. തിരഞ്ഞെടുപ്പിനു പിന്നാലെ കൗൺസിലിൽ ബിജെപി ഭൂരിപക്ഷം നേടിയപ്പോൾ ബിൽ അവിടെ പാസാക്കിയശേഷം നിയമസഭയിൽ വീണ്ടും പാസാക്കിയതിനു ശേഷമാണു ഗവർണർക്ക് അയച്ചത്. ആർഎസ്എസ് നേതാവ് കെ.ബി.ഹെഡ്ഗെവാറിനെക്കുറിച്ചു പാഠം സ്കൂൾ പുസ്തകത്തിൽനിന്ന് ഒഴിവാക്കാനും സർക്കാർ തീരുമാനിച്ചു. എല്ലാ സ്കൂളുകളിലും കോളജുകളിലും ഭരണഘടനയുടെ ആമുഖം വായിക്കുന്നതു നിർബന്ധമാക്കി.

## ഇന്റർനാഷണൽ കൗൺസിൽ ഫോർ ഇവാഞ്ചലിക്കൽ തിയോളജിക്കൽ എഡ്യൂക്കേഷൻ ഭരണസമിതിയിലേക്ക് ഡോ.ജെസ്സി ജയ്സൺ



ഡോ.ജെസ്സി ജയ്സൺ

കോട്ടയം : ഇന്റർനാഷണൽ കൗൺസിൽ ഫോർ ഇവാഞ്ചലിക്കൽ തിയോളജിക്കൽ എഡ്യൂക്കേഷൻ (ICETE) എന്ന ആഗോളവ്യാപകമായി ലീഡർഷിപ്പ് ട്രെയിനിങ് നൽകുന്ന ക്രിസ്തീയ സംഘടനയുടെ ഭരണസമിതി അംഗത്വത്തിലേക്ക് ഡോ.ജെസ്സി ജയ്സൺ തെരഞ്ഞെടുക്കപ്പെട്ടു.

ജൂൺ എട്ടു മുതൽ പത്തു വരെ അമേരിക്കയിലെ ഒർലാണ്ടോയിൽ വച്ച് നടന്ന പ്രത്യേക മീറ്റിംഗിൽ വെച്ചാണ് ഡോ . ജെസ്സിയെ അടുത്ത മൂന്ന് വർഷത്തേക്ക് ഭരണസമിതിയംഗമായി നിയമിച്ചത്. ഭർത്താവ് ഡോ. ജയ്സൺ തോമസ്, ഓവർസീസ് കൗൺസിൽയുണൈറ്റഡ് വേൾഡ് മിഷന്റെ സൗത്ത് ഏഷ്യാ റീജിയണൽ ഡയറക്ടർ ആയി സഭകളും സെമിനാരികളും മിഷനറി സെന്ററുകളും ഏകോപിച്ചുള്ള ദൗത്യത്തിന് നേതൃത്വം നൽകുന്നതോടൊപ്പം തിയോളജിക്കൽ എഡ്യൂക്കേഷൻ കൺസൾട്ടന്റായി വിവിധ ഏഷ്യൻ രാജ്യങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.
ഏഷ്യാ തിയളോജിക്കൽ അസ്സോസിയേഷൻ ഉൾപ്പെടെ ഏഴ് അക്രെഡിറ്റിങ് ഏജൻസികളിലൂടെ 113 രാജ്യങ്ങളിലുള്ള ആയിരത്തിലധികം ബൈബിൾ കോളേജുകൾ അംഗങ്ങളായുള്ള അന്തർദേശീയ പ്രസ്ഥാനമാണ് ICETE. ഇന്ത്യയിൽ നിന്ന് ഈ പദവിയിൽ എത്തുന്ന പ്രഥമവ്യക്തിയാണ് ഡോ ജെസ്സി. നിലവിൽ ഡോ ജെസ്സി ജയ്സൻ ഏഷ്യാ തിയോളജിക്കൽ അസോസിയേഷന്റെ (ATA) ഇന്റർനാഷണൽ കമ്മീഷൻ ഫോർ അക്രെഡിറ്റേഷൻ ആൻഡ് എഡ്യൂക്കേഷണൽ ഡെവലപ്മെന്റ് (CAED) ഭരണസമിതി അംഗമായും, ലൂസിയൻ തിയോളജി പ്രവർത്തക അംഗമായും സേവനം ചെയ്ത് വരുന്നു .

## പാസ്റ്റർ എബ്രഹാം തോമസിന് കോടതി ജാമ്യം അനുവദിച്ചു



ഡൽഹി: ഒരു മാസം മുൻപ് ജയിലിലടക്കപെട്ട പാസ്റ്റർ എബ്രഹാം തോമസിനും ഭാര്യ റീബ എബ്രഹാമിനും വിശ്വാസിയായ ബബിതയ്ക്കും കോടതി ജാമ്യം അനുവദിച്ചു. 2023 മെയ് 13ന് ഉത്തർപ്രദേശിലെ ഖോഡ പോലീസ് ആണ്, മതസ്വാതന്ത്ര്യ നിയമത്തിന്റെ വകുപ്പ് 3 & 5(1) പ്രകാരം ഇവരെ അറസ്റ്റ് ചെയ്തത്. ഒരു വിശ്വാസിയുടെ ഉടമസ്ഥതയിലുള്ള ബ്യൂട്ടി പാർലർ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്യവേ മതപരിവർത്തന പ്രവർത്തനങ്ങൾ നടത്തുന്നതായി ആരോപിച്ച് അറസ്റ്റ് ചെയ്യുകയായിരുന്നു.
എഡിഎഫ് എന്ന സന്നദ്ധ സംഘടനയാണ് ഇവർക്ക് ജാമ്യത്തിനായി ശ്രമിച്ചത്. ആദ്യം മജിസ്ട്രേറ്റ് കോടതി ജാമ്യാപേക്ഷ തള്ളുകയും സെഷൻസ് കോടതിയിൽ അപ്പീൽ നൽകുകയും ചെയ്തു. അഭിഭാഷകരായ സുമിത് കുമാറും ജോൺസണും പ്രാദേശിക അഭിഭാഷകർക്കൊപ്പം കേസ് കൈകാര്യം ചെയ്യുകയായിരുന്നു. ജാമ്യാപേക്ഷ പരിഗണിച്ചതിന് ശേഷം, എബ്രഹാമും മറ്റ് രണ്ട്പേർക്കും ഗാസിയാബാദിലെ ഡിസ്ട്രിക്ട് ആൻഡ് സെഷൻ ജഡ്ജി ജാമ്യം അനുവദിച്ചു. ജാമ്യം ലഭിക്കാൻ കോടതിയിൽ അരമണിക്കൂറോളം വാദിക്കേണ്ടി വന്നതായി അഡ്വ.സുമിത് അറിയിച്ചു.

## ഏകീകൃത സിവിൽ കോഡ്; പൊതുജനാഭിപ്രായം തേടി ലോ കമ്മീഷൻ

ന്യൂഡൽഹി: ഏകീകൃത സിവിൽ കോഡ് വിഷയത്തിൽ പൊതു ജനാഭിപ്രായം തേടി ലോ കമ്മീഷൻ. 30 ദിവസത്തിനകം അഭിപ്രായം അറിയിക്കാനാണ് നിർദേശം. വ്യക്തികൾക്കും മത സംഘടനകൾക്കും അഭിപ്രായം അറിയിക്കാം. ഇന്ത്യയിലെ പൗരന്മാരുടെ മതം, ലിംഗഭേദം, ലൈംഗിക ആഭിമുഖ്യം എന്നിവ പരിഗണിക്കാതെ എല്ലാ പൗരന്മാർക്കും ഒരുപോലെ ബാധകമാകുന്ന വ്യക്തിഗത നിയമങ്ങൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശമാണ് ഏകീകൃത സിവിൽ കോഡ്. ബിജെപിയുടെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ ഒന്നായിരുന്നു ഏകീകൃത കോഡ് നടപ്പാക്കൽ. 2014ലെയും 2019ലെയും ലോക്സഭാ തെരഞ്ഞെടുപ്പ് കാലയളവിൽ ബിജെപി ഇക്കാര്യം വ്യക്തമാക്കിയിരുന്നതുമാണ്. നിലവിൽ രാജ്യത്ത് ഏകീകൃത സിവിൽ കോഡുള്ള ഏക സംസ്ഥാനം ഗോവയാണ്. കേന്ദ്രസർക്കാരിന്റെ കണക്ക് പ്രകാരം ആയിരത്തോളം വ്യക്തിനിയമങ്ങളാണ് രാജ്യത്തുള്ളത്.

## മണിപ്പൂരിൽ രൂപീകരിച്ച സമാധാനസമിതിയുടെ ആദ്യ യോഗം ഇന്ന്



മണിപ്പൂർ: കലാപം രൂക്ഷമായ പശ്ചാത്തലത്തിൽ സമാധാന ശ്രമങ്ങൾക്ക് വേണ്ടി മണിപ്പൂരിൽ രൂപീകരിച്ച സമാധാനസമിതിയുടെ ആദ്യ യോഗം ഇന്ന്. രാജ്ഭവനിൽ ആണ് യോഗം ചേരുക. മെയ് മൂന്നിന് പൊട്ടിപ്പുറപ്പെട്ട കലാപത്തിൽ ഇതുവരെ ഇരുന്നൂറോളം പേർക്ക് ജീവൻ നഷ്ടമായി. നൂറുകണക്കിനുപേർക്ക് പരുക്കേറ്റു. അരലക്ഷത്തോളംപേർ അഭയാർത്ഥികളായി. സൈന്യത്തെയും അർധസൈനിക വിഭാഗങ്ങളെയും വൻതോതിൽ വിന്യസിച്ചിട്ടുണ്ടെങ്കിലും സംഘർഷം തുടരുകയാണ്.

# ഉത്തര കൊറിയയിൽ ബൈബിൾ എത്തിക്കും

- രാജ്യത്ത് ബൈബിൾ കൈവശം വയ്ക്കുന്നത് കുറ്റകരം
- പതിനായിര കണക്കിന് ക്രിസ്ത്യാനികൾ ലേബർ ക്യാമ്പുകളിൽ പീഡനത്തിന് ഇരയാകുന്നു
- ആഹാരവും ബൈബിളും എത്തിക്കുന്നസാഹസിക ദൗത്യം ഏറ്റെടുത്തിരിക്കുന്നത് അന്താരാഷ്ട്ര ബൈബിൾ വിതരണ സംഘടനയായ വേൾഡ് ഹെൽപ്

ഉത്തര കൊറിയയിലേക്ക് ബൈബിളുകൾ എത്തിക്കാനൊരുങ്ങി മിഷൻ സംഘടന. അന്താരാഷ്ട്ര ബൈബിൾ വിതരണ മിഷൻ സംഘടനയായ വേൾഡ് ഹെൽപ്പാണ് ക്രൂരനായ ഭരണാധികാരി കിം ജോങ് ഉന്നിന്റെ ഭരണത്തിൻ കീഴിൽ ദുരിത ജീവിതം നയിക്കുന്ന പതിനായിരങ്ങൾക്ക് ദൈവവചനവും ഭക്ഷണ സാധനവും എത്തിക്കാൻ ഒരുങ്ങുന്നത്. ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ നിരവധി ലേബർ ക്യാമ്പുകളിൽ പീഢനങ്ങൾ സഹിക്കുന്നവരെയും ദൈവവചനത്തിനായി ദാഹിക്കുന്നവരുടെ ശരീരത്തെയും ആത്മാവിനെയും പോഷിപ്പിക്കാൻവേണ്ടിയാണ് സാഹസികമായി ബൈബിളുകളും ഭക്ഷണസാധനങ്ങളും എത്തിക്കുന്നതെന്ന് വേൾഡ് ഹെൽപ്പ് പ്രവർത്തകർ പറയുന്നു.

ഇന്റർനാഷണൽ റിലീജിയസ് ഫ്രീഡം യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അടുത്തിടെ പുറത്തിറക്കിയ റിപ്പോർട്ടിൽ 70,000 ക്രിസ്ത്യാനികളെയും മറ്റ് മതസ്ഥരെയും രണ്ട് വയസ്സുള്ള കുട്ടിയേയും അവന്റെ കുടുംബത്തെയും ഉത്തര കൊറിയ ജയിലിലടക്കുകയും ചെയ്തതായി വെളിപ്പെടുത്തുന്നു. അധികാരികൾ അവരുടെ കൈവശം ബൈബിൾ കണ്ടെത്തിയതിനെത്തുടർന്ന് കുഞ്ഞിന്റെ കുടുംബത്തിന് വധശിക്ഷ വിധിച്ചിരിക്കുകയാണിപ്പോൾ, കുഞ്ഞിന് ജീവപര്യന്തം ശിക്ഷ ലഭിച്ചു. ദാരുണമായ സാഹചര്യം എടുത്തുകാണിച്ചുകൊണ്ട് ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് റിപ്പോർട്ടിൽ പ്രസ്താവിച്ചു, 'ചിന്തയുടെയും, മനസ്സാക്ഷിയുടെയും മതത്തിന്റെയും സ്വാതന്ത്ര്യത്തിനുള്ള അവകാശം ഉത്തര കൊറിയയിൽ നിഷേധിക്കുന്നത് തുടരുകയാണ്.'

ഉത്തരകൊറിയയിലെ ഓരോ വീട്ടിലും രാജ്യത്തിന്റെ ഏകാധിപതിയുടെ ചിത്രം ഭിത്തിയിൽ പതിപ്പിക്കണമെന്നാണ് നിയമം, ഒരു കൊറിയൻ സ്ത്രീ അഭിമുഖത്തിൽ പറയുന്നു. അവളുടെ ഭവനത്തിൽ കിമ്മിന്റെ ഫോട്ടോ ഒരു ദിവസം ആകസ്മികമായി ഭിത്തിയിൽ നിന്ന് താഴെ വീണു, തൽഫലമായി, ആരോ അധികാരികളെ അറിയിക്കുകയും സ്ത്രീയുടെ പിതാവിനെ അറസ്റ്റ് ചെയ്യുകയും ജയിൽ ക്യാമ്പിലേക്ക് അയയ്ക്കുകയും ചെയ്തു. നിലവിൽ ഉത്തര കൊറിയയിൽ ഒരു ബൈബിൾ കൈവശം വയ്ക്കുന്നത് പോലും ഗുരുതരമായ കുറ്റകൃത്യമായി കണക്കാക്കപ്പെടുകയും കടുത്ത ശിക്ഷാവിധികളും നടപ്പാക്കപ്പെടുന്നുണ്ട്. എന്നിരുന്നാലും വളരെ അപകടകരവും ശ്രമകരവുമായ ഒരു ദൗത്യമാണ് തങ്ങൾ ചെയ്യുവാൻ പോകുന്നതെന്ന് വേൾഡ് ഹെൽപ്പ് പ്രസിഡന്റ് നോയൽ ബ്രൂവർ യീറ്റ്സ് ഒരു മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

'ഉത്തര കൊറിയയിൽ മനുഷ്യാവകാശങ്ങളെക്കുറിച്ച് വാക്കുകളില്ല,' യേറ്റ്സ് പറഞ്ഞു. 'അവർ അതിനെക്കുറിച്ച് കേട്ടിട്ടില്ല.' ഈ മഹാദൗത്യത്തിനായി ദൈവമക്കളുടെ പ്രാർത്ഥനയും സഹായവും തേടുകയാണെന്നും അദ്ദേഹം പറഞ്ഞു. ആരാധനാ സ്വാതന്ത്ര്യമോ, മതസംബന്ധമായ പ്രവർത്തനങ്ങളോ കർശനമായി നിരോധിച്ചിരിക്കുന്ന ഉത്തര കൊറിയയിൽ പലരും അതീവ രഹസ്യമായി കർത്താവിനെ ആരാധിക്കുകയും സുവിശേഷം പങ്കുവെയ്ക്കുകയും ചെയ്യുന്നുണ്ട്. മരണത്തെ മുന്നിൽ കണ്ടുകൊണ്ടാണ് ക്രിസ്തുവിനുവേണ്ടി ക്രൈസ്തവർ രാജ്യത്ത് ജീവിക്കുന്നത്. ഈ ഭക്ഷ്യ ക്ഷാമത്തിന് നടുവിലും, ഉത്തരകൊറിയൻ വിശ്വാസികളിൽ ഒരാളുടെ മുന്നിൽ ദൈവവചനത്തിന്റെ ഒരു പകർപ്പും ഒരു പൊതി അരിയും വെച്ചാൽ, അവർ ബൈബിൾ തിരഞ്ഞെടുക്കും. ലോകത്ത് ക്രൈസ്തവരെ പീഢിപ്പിക്കുന്നതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഉത്തര കൊറിയയിലേക്ക് ബൈബിളുകൾ എത്തിക്കാനൊരുങ്ങുന്ന അന്താരാഷ്ട്ര ബൈബിൾ വിതരണ മിഷൻ സംഘടനയായ വേൾഡ് ഹെൽപ്പിനെയും അതിന്റെ പ്രവർത്തങ്ങളെയും ഓർത്തു പ്രാർത്ഥിക്കാം.

# ചരിത്രം കുറിച്ച് ഫ്രാൻസിസ് മാർപാപ്പയുടെ സന്ദേശം ബഹിരാകാശത്തേക്ക്



വത്തിക്കാൻ സിറ്റി: ഫ്രാൻസിസ് പാപ്പയുടെ സന്ദേശമടങ്ങുന്ന ഉപഗ്രഹവുമായി അമേരിക്കൻ റോക്കറ്റ് ബഹിരാകാശത്തേക്ക്. ജൂൺ 12ന് കാലിഫോർണിയയിലെ വാൻഡൻബെർഗ് സ്പേസ് ഫോഴ്സ് ബെയ്സിൽ നിന്നുമാണ് 'പ്രതീക്ഷയുടെ സാറ്റലൈറ്റ്' വഹിക്കുന്ന ഫാൽക്കൺ 9 റോക്കറ്റ് വിജയകരമായി വിക്ഷേപിച്ചത്. 2020 മാർച്ച് 27ന് കൊറോണ പകർച്ചവ്യാധിയിൽ ലോകം നടുങ്ങിനിന്നപ്പോൾ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ നിന്നും 'പ്രത്യാശയും സമാധാനവും' എന്ന പ്രമേയവുമായി ഫ്രാൻസിസ് പാപ്പ നടത്തിയ 'ഉർബി ഏത് ഓർബി' എന്ന ചരിത്ര പ്രസിദ്ധമായ ആശീർവാദത്തിലെ വാക്കുകൾ ഉൾചേർത്ത നാനോ പുസ്തകമാണ് ബഹിരാകാശത്തേക്ക് കുതിച്ചിരിക്കുന്നത്.

സ്പെയി സാറ്റെലെസും, അതിന്റെ ചെറുപതിപ്പായ ക്യൂബ് സാറ്റും ഭൂതലത്തിൽ നിന്നും ഏതാണ്ട് 525 കിലോമീറ്റർ അകലെയുള്ള ഹീലിയോസിംക്രോണസ് ഭ്രമണപഥം ലക്ഷ്യമാക്കി കുതിക്കുകയാണെന്നു വത്തിക്കാൻ അറിയിച്ചു. ഇറ്റലിയിലെ ടൂറിനിലെ പോളിടെക്നിക് സർവ്വകലാശാലയിലെ വിദ്യാർത്ഥികളാണ് ക്യൂബ് സാറ്റ് നിർമ്മിച്ചത്. പാപ്പയുടെ സന്ദേശത്തിലെ ഭാഗങ്ങൾ ഉൾപ്പെടുന്ന നാനോ പുസ്തകം 2 മില്ലിമീറ്റർ നീളവും, 0.2 മില്ലിമീറ്റർ വീതിയുമുള്ള സിലിക്കോൺ പ്ലേറ്റിൽ തയാറാക്കുകയായിരിന്നു. മാസങ്ങൾ നീണ്ട പരിശ്രമത്തിനൊടുവിൽ സ്പെയി സാറ്റലെസ് വിക്ഷേപണത്തറയിലെത്തുന്ന നിമിഷത്തിനായി ആകാംഷയോടെ കാത്തിരിക്കുകയാണെന്ന് നിർമ്മാണത്തിന് നേതൃത്വം നൽകിയ സാബ്രിന കോർപിനോ പറഞ്ഞു. 'കർത്താവേ അങ്ങ് ഞങ്ങളുടെ ലോകത്തെ അനുഗ്രഹിക്കണമേ, ഞങ്ങളുടെ ശരീരത്തിന് ആരോഗ്യവും, ഹൃദയങ്ങൾക്ക് ആശ്വാസവും നൽകണമേ' എന്ന വാക്കുകളോടെ പാപ്പ നൽകിയ പ്രത്യാശയുടെ സന്ദേശമാണ് ബഹിരാകാശത്തെത്തുക. റേഡിയോ ട്രാൻസ്മിറ്ററും അനുബന്ധ ഉപകരണങ്ങളും ഘടിപ്പിച്ചിട്ടുള്ള, ഭൂമിയിൽ നിന്നും നിയന്ത്രിക്കുവാൻ കഴിയുന്ന സാറ്റലെസിന്റെ നിയന്ത്രണ ചുമതല ഇറ്റാലിയൻ സ്പേസ് ഏജൻസിക്കാണ്. ഭ്രമണപഥത്തിലായിരിക്കുമ്പോൾ ഫ്രാൻസിസ് പാപ്പയുടെ സന്ദേശം ഇറ്റാലിയൻ, ഇംഗ്ലീഷ്, സ്പാനിഷ് ഭാഷകളിൽ സംപ്രേഷണം ചെയ്ത് തുടങ്ങും. ഫ്രാൻസിസ് പാപ്പയുടെ പ്രത്യാശയുടേതായ വാക്കുകൾ ബഹിരാകാശത്തു നിന്നും ഭൂമിയിലേക്കു എത്തുന്ന ചരിത്രപരമായ നിമിഷത്തിനാണ് കാത്തിരിക്കുന്നതെന്ന് വത്തിക്കാൻ കമ്മ്യൂണിക്കേഷൻ ഡിക്കാസ്റ്ററിയുടെ സെക്രട്ടറിയായ ഫാ. ലൂസിയോ അഡ്രിയാൻ റൂയിസ് പറഞ്ഞു.

# ഗ്രീസ് തീരത്ത് അഭയാർഥി ബോട്ട് മറിഞ്ഞ് 79 പേർ മരിച്ചു; 100ലേറെ പേർക്ക് പരിക്ക്



ഏദൻസ്: തെക്കൻ ഗ്രീസ് തീരത്ത് അഭയാർഥി ബോട്ട് മറിഞ്ഞ് 79 പേർ മരിച്ചു. 100ലധികം ആളുകളെ രക്ഷപ്പെടുത്തിയിട്ടുണ്ട്. ലിബിയയിൽ നിന്നും ഇറ്റലിയിലേക്ക് പോകുകയായിരുന്ന കപ്പലാണ് അപകടത്തിൽപ്പെട്ടത്. ഈ വർഷം ഗ്രീസിൽ ഉണ്ടായ ഏറ്റവും വലിയ കപ്പൽ അപകടമാണിതെന്ന് ബി.ബി.സി റിപ്പോർട്ട് ചെയ്തു. നൂറിലധികം കുടിയേറ്റക്കാർ കപ്പലിൽ ഉണ്ടായിരിക്കാമെന്നാണ് ഗ്രീക്ക് ഉദ്യോഗസ്ഥരുടെയും ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ മിഗ്രേഷന്റെയും നിഗമനം. ചൊവ്വാഴ്ചയാണ് കപ്പലിനെ അവസാനമായി സമുദ്രത്തിൽ കണ്ടതെന്ന് കോസ്റ്റ് ഗാർഡ് പറയുന്നു. ഇതിന് ശേഷമായിരുന്നു കപ്പൽ മുങ്ങിയത്. കപ്പലിൽ ഉണ്ടായിരുന്ന ആരും ലൈഫ് ജാക്കറ്റ് ധരിച്ചിട്ടുണ്ടായിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ശക്തമായി കാറ്റ് ഉണ്ടായിരുന്നതിനാൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ബുദ്ധിമുട്ട് നേരിട്ടെന്നും കോസ്റ്റ് ഗാർഡ് പറയുന്നു. കപ്പലിൽ 500700 ആളുകൾ ഉണ്ടായിരുന്നതായി അപകടത്തിൽ നിന്നും രക്ഷപ്പെട്ടവർ പറയുന്നു. കപ്പലിൽ കയറ്റാവുന്നതിലും കൂടുതൽ ആളുകളെ കയറ്റിയതായി റീജിനൽ ഹെൽത്ത് ഡയറക്ടർ യാനിസ് കാർവെലിസ് പറഞ്ഞു. സമുദ്രത്തിലെ ഏറ്റവും ആഴമുള്ള സ്ഥലത്താണ് കപ്പൽ മുങ്ങിയതെന്ന് കോസ്റ്റ് ഗാർഡ് നിക്കോളാസ് അലക്സിയോ പറഞ്ഞു .

CNL7 MEDIA
Vol 2. Issue. 133
CHRISTIANLIVE DAILY
15
Thuresday
Pages 5
502

